ഉത്തരം

(എ), (ബി) 26-12-1995-ലെ സർക്കാർ ഉത്തരവു (സാധാരണ) നമ്പർ 6852/95/ത.ഭ.വ. പ്രകാരം വടകര മുനിസിപ്പാലിറ്റിയിൽ സേവാ സമിതി ആൻറ് ലൈബ്രറി റീഡിംഗ് റൂമിന് ഒരു ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് കെ.ബി.ആർ. എക്സംഷൻ നല്കിയിട്ടുണ്ട്.

വേപ്പർലാമ്പുകൾ സ്ഥാപിക്കാൻ നടപടി

22. [1423] ശ്രീ. എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ ജംഗ്ഷൻ മുതൽ നന്ദാവനം പോലീസ് ക്യാമ്പ് വരെയുള്ള റോഡിൽ സ്ഥാപിച്ചിരിക്കുന്ന വഴിവിളക്കുകൾ അപര്യാപ്തമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിൽ മതിയായ വെളിച്ചം ലഭിക്കുവാൻ വേപ്പർലാമ്പുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്ന കാര്യം തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ പരിഗണനയിലുണ്ട് എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ പുതിയ കണ്ടിജൻസി തസ്തികകൾ സൃഷ്ടിക്കാൻ നടപടി

23. [1425] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ പുതിയ കണ്ടിജൻസി തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുനിസിപ്പൽ കൗൺസിലിന്റെ അപേക്ഷ മുനിസിപ്പൽ ഡയറക്ടറുടെ ശുപാർശയോടുകൂടി തദ്ദേശ സ്വയംഭരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കണ്ടിജൻറ് ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly